# ആമുഖം

## വിദ്യാലയത്തിന്റെ സ്ഥാനം.

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ അങ്ങാടിപ്പുറം പഞ്ചായത്തിൽ 23-ാം വാർഡിൽ NH 213 ന് തിരൂർക്കാടിനും അരിപ്ര അങ്ങാടിക്കും ഇടയിൽ അഞ്ചാം പാലത്തിനടുത്ത് തെക്കുഭാഗത്തായി അരിപ്ര എ എം എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നു.

## വിദ്യാലയ ചരിത്രം:

വർഷങ്ങൾക്ക് മുമ്പ് മച്ചഞ്ചേരി കുഞ്ഞാപ്പമൊല്ല എന്ന ആൾ ഓത്തു പള്ളിയായി ആരംഭിച്ച സ്ഥാപനം 1920 ആയപ്പോഴേക്കും മതപഠനത്തോടൊപ്പം ഭാഷയും കണക്കും പഠിപ്പിക്കുന്ന ഒരു സ്ഥാപനമായി മാറി. 1939 ൽ അന്നത്തെ മലബാർ ഡിസ്ട്രിക് ബോർഡ് പ്രൈമറി സ്കൂളിനുള്ള അംഗീകാരം നൽകുകയും ചെയ്തപ്പോൾ നാടിന് ഒരു പ്രൈമറി വിദ്യാലയം ലഭിച്ചു. എയ്ഡഡ് മാപ്പിള ലോവർ പ്രൈമറി സ്കൂൾ എന്നായിരുന്നു പേര്. ഇല്ലത്തുംപടി അമ്പലപ്പറമ്പ്, തടത്തിൽ വളവ് എന്നീ ഭാഗങ്ങളിൽ നിന്നും കുട്ടികൾ ഇവിടെ പഠനം നടത്തിവരുന്നു.

## നിലവിലെ അവസ്ഥ.

2010-11 അധ്യയന വർഷം മുതൽ പി.ടി.എയുടെ സഹകരണത്തോടെ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിച്ചു. ഈ അധ്യയന വർഷം 29 പ്രീ പ്രൈമറി കുട്ടികളും 106 പ്രൈമറി കുട്ടികളും അധ്യയനം നടത്തുന്നു. നിലവിൽ പ്രീപ്രൈമറിയിൽ 2 ഉം പ്രൈമറിയിൽ 7 ഉം അധ്യാപകരുണ്ട്. പി.ടി.എ, എം.ടി.എ സജീവമായി പ്രവർത്തിക്കുന്നു. പൂർവ്വ വിദ്യാർത്ഥികൾ, അരിപ്ര പ്രവാസി സംഘം സ്കൂളിനെ എല്ലാവിധത്തിലും സപ്പോർട്ട് ചെയ്യുന്നു.

2025-26 അധ്യയന വർഷം സ്കൂളിന്റെ തനത് പ്രവർത്തനമായി എടുത്തത് 'വായന' എന്നതാണ്. 'വായനയാണ് ലഹരി' എന്ന പേരിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. അതിനോടനുബന്ധിച്ച് ചോദ്യങ്ങൾ നൽകി നിശ്ചിത ദിവസത്തിൽ Quiz മത്സരം നടത്തി വിജയികളെ കണ്ടെത്തുന്നു.

## പൊതു ലക്ഷ്യങ്ങൾ :

* എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകൾ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* സംഖ്യാബോധവും അടിസ്ഥാന ക്രിയകളും ചെയ്യാ അറിയുന്നു എന്ന് ഉറപ്പു വരുത്തുക.
* കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവ തിരിച്ചറിഞ്ഞ് പ്രോത്സാഹനവും പരിശീലനവും നൽകുക.
* . വായനക്ക് കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* . IT സാധ്യതകൾ ഫലപ്രദമായി ക്ലാസ് റൂമുകളിൽ ഉപയോഗിച്ച് മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക.
* . ലാബുകൾ സജ്ജീകരിക്കുക.
* . CPTA കളിൽ കുട്ടികൾ നേടേണ്ട ശേഷികൾ വ്യക്തമാക്കുക. PTA ശാക്തീകരിക്കുക.
* . അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയത്തെ പരിസരങ്ങൾ മാറ്റുക.
* . ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധ ശുചിത്വം എന്നിവ കൃത്യമായി നടപ്പാക്കൽ.
* . കല, കായിക, പ്രവർത്തി പരിചയമേളകളിൽ കഴിവുറ്റ അമ്മമാരെ കണ്ടെത്തി ഉപയോഗപ്പെടുത്തൽ.

# ലക്ഷ്യങ്ങൾ

## മലയാളം

* എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* മികച്ച വായനാശീലം വളർത്തുക.
* ആശയ വിനിമയ ശേഷികൾ നേടുക.
* കുട്ടികളിൽ സാഹിത്യാദിരുചി വളർത്തുക.
* ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്:

* സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
* ഇംഗ്ലീഷ് പാട്ടുകൾ കവിതകൾ ചൊല്ലൽ.
* സംവാദ സദസ്സുകൾ / സംഭാഷണം. ICT ഉപയോഗപ്പെടുത്തുക.

## അറബി.

* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
* ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കുക.
* അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
* ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## പൊതു വിജ്ഞാനം.

* കുട്ടികളിൽ പൊതുവിജ്ഞാനം നേടുന്ന.

## ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം (EVS)

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
* ലഘു പരീക്ഷണങ്ങൾ ചെയ്യുക. പരീക്ഷണ സാമഗ്രികൾ സ്വയം കൈകാര്യം ചെയ്യുക.
* നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുക.
* ദിനാചരണങ്ങൾ, ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം, പച്ചക്കറി തോട്ടം എന്നീ പ്രവർത്തനങ്ങളിലേർപ്പെടൽ
* ശുചിത്വ ബോധം വളർത്തുക.
* പരസ്പര സഹായം, സഹകരണം എന്നിവ അറിയുക.
* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

## ഗണിതം.

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പുവരുത്തുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
* ഗണിതചിന്ത, യുക്തിചിന്ത, വിശകലന ചിന്ത എന്നിവ എല്ലാവരിലും വളർത്തുക.

## ഐ.ടി.

* കുട്ടികൾക്ക് സ്വാതന്ത്ര്യമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം നൽകുക.
* അറിവു നിർമ്മാണ പ്രക്രിയയിൽ ICT യുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* ICT ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

## കല/കായിക/പ്രവൃത്തി പരിചയം

* കലാഭിരുചി വളർത്തുക.
* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി പരിശീലനം നൽകുക
* എല്ലാവർക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.
* ആരോഗ്യശീലങ്ങൾ വളർത്തുക
* നിർമ്മാണ

# ...ലയാളം.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ലക്ഷ്യം: മികച്ച വായനാശീലം<br>* വായനാ രുചിയോടെ.<br>വായനാദിനത്തോടനുബന്ധിച്ച് പുസ്തക പ്രദർശനം<br>100 പുസ്തകങ്ങൾ വായിക്കൽ<br>ക്വിസ് മത്സരങ്ങൾ<br>പത്രവായന<br>പിറന്നാൾ പുസ്തകം ശേഖരിക്കൽ<br>ഡയറി എഴുത്ത് - വായനശാല സന്ദർശനം | ജൂൺ, ജൂലൈ. | വിദ്യാരംഗം കൺവീനർ, Class Teachers | |
| ലക്ഷ്യം:- വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.<br>* പിന്നാക്കക്കാരെ മുന്നോട്ട്<br>* അക്ഷരക്കാർഡ് നിർമ്മാണം<br>* വായന സാമഗ്രി നിർമ്മാണം<br>* വാക്കുകൾ കളികൾ<br>* വായന കോർണർ (ക്ലാസിൽ) | ജൂൺ മുതൽ മാർച്ച് വരെ. | CPTA | 2000 |
| ലക്ഷ്യം:- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.<br>* കുട്ടികളുടെ കലാപ്രകടനങ്ങൾ, ക്ലാസ്സറൂം പ്രവർത്തനം, വാർത്തകൾ എന്നിവ സർഗ്ഗവേളകളിൽ അവതരിപ്പിക്കൽ.<br>* ക്ലാസ്തല പത്രം തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | Class Teacher. | 1000 |
| ലക്ഷ്യം: സർഗ്ഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കൽ.<br>* കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർ ചിത്രം, കയ്യെഴുത്ത് മാഗസിൻ)<br>* മികച്ച രചനകൾ ശേഖരിച്ച് ഷെയർ ചെയ്യൽ. വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ മറ്റു രക്ഷിതാക്കളിലെത്തിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാരംഗം | 3000 |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | ന |
|---|---|---|---|
| ലക്ഷ്യം: ആശയ വിനിമയ ശേഷി കൈവരിക്കൽ, മെച്ചപ്പെടുത്തൽ<br>* പഠനപിന്നാക്കാവസ്ഥ നേരിടുന്നവർക്ക് പ്രത്യേക പരിശീലനം.<br>*. വാർത്താ അവതരണം. പത്ര വായനക്ക് ശേഷം. | ജൂൺ - ജൂലൈ മുതൽ മാർച്ച് വരെ. | CT | 2000 |
| ലക്ഷ്യം: ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ<br>* മൊബൈലിൽ നിന്നും മറ്റും കവിതകൾ, കഥകൾ എന്നിവ കേൾക്കുന്നു. കണ്ടെത്തി അവതരിപ്പിക്കുന്നു. എഴുതുന്നു.<br>* പാഠഭാഗങ്ങൾക്കാവശ്യമായ പഠന സാമഗ്രികൾ തുടർപ്രവർത്തനങ്ങൾ എന്നിവ ലഭ്യമാക്കാൻ ICT പ്രയോഗിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | രക്ഷിതാക്കൾ, ക്ലാസ് ടീച്ചർ | - |
| ലക്ഷ്യം: കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നു.<br>* ഭാഷാ വ്യവഹാര രൂപങ്ങൾ, സർഗാത്മക രചനകൾ എന്നിവയുണ്ടാക്കി മാഗസിൻ തയ്യാറാക്കുന്നു.<br>* വിവിധ മത്സരങ്ങൾ (കവിതാ രചന, കഥാരചന) സംഘടിപ്പിക്കുന്നു. മികച്ചത് തെരഞ്ഞെടുത്ത് സമ്മാനം നൽകൽ<br>* രചനകൾ എഡിറ്റിംഗ് നടത്തൽ. | ആഗസ്റ്റ്<br>ജൂൺ മുതൽ മാർച്ച് വരെ<br>ഡിസംബർ | സി.ടി. | 2000 |

## ഇംഗ്ലീഷ്.

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| **ലക്ഷ്യം: സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.** | | | |
| * ഇംഗ്ലീഷ് ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക ക്ലാസുകൾ | എല്ലാ മാസവും | സി.ടി. എസ്.ആർ.ജി | 3000 |
| * ഇംഗ്ലീഷ് ബോർഡുകൾ സ്ഥാപിക്കുക. | | ഇ.സി. | |
| * ഇ.സിയുടെ നേതൃത്വത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുക. | | | |
| **ലക്ഷ്യം: സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.** | | | |
| * വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. | ജൂൺ സെപ്തംബർ ജനുവരി | സി.ടി. രക്ഷിതാക്കൾ | 3000 |
| * വായനാ കാർഡ് നിർമ്മാണം | | | |
| * ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ നൽകൽ | മാസത്തിൽ ഒന്ന്. | | |
| **ലക്ഷ്യം: ആത്മവിശ്വാസത്തോടെ ആശയപ്രകടനം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.** | | | |
| * എല്ലാവരെയും പങ്കെടുപ്പിച്ചു കൊണ്ട് English Fest സംഘടിപ്പിക്കുന്നു. 2 Fest | ഒക്ടോബർ, മാർച്ച്. | എസ്.ആർ.ജി. | 2000 |
| * മാസത്തിലൊരിക്കൽ സർഗവേള | എല്ലാ മാസവും | CT | |
| * ക്ലാസിൽ അവസരമൊരുക്കൽ | | | |
| **ലക്ഷ്യം: ഇംഗ്ലീഷ് പാട്ടുകൾ, കവിതകൾ ചൊല്ലൽ, കേൾക്കൽ എന്നതിന് പ്രാപ്തരാക്കുക. അതിനായി ICT ഉപയോഗപ്പെടുത്തുന്നു.** | | | |
| * Rhymes കേൾപ്പിക്കൽ, Video പ്രദർശനങ്ങൾ സംഭാഷണങ്ങൾ, കാർട്ടൂണുകൾ എന്നിവ കാണുന്നു. | എല്ലാ മാസവും | CT. രക്ഷിതാക്കൾ | |

അറബി .

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
|---|---|---|---|
| ലക്ഷ്യം: അറബി ഭാഷ പഠിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | | | |
| മികവ്· | | | |
| മുന്നറിവ് പരിശോധിക്കുക. അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ ഭാഷാ കളികൾ | രണ്ടു മാസം. | A.T | 2000 |
| ലക്ഷ്യം ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളും ഉറപ്പുവരുത്തുക | | | |
| വായന മത്സരം<br>മിനി ലൈബ്രറി<br>വായന കുറിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | AT ALiF club | 2000 |
| ലക്ഷ്യം: വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക. | | | |
| പതിപ്പ്, ചുമർ പത്രിക, പോസ്റ്റർ, ഭാഷാകളികൾ, കമ്പ്യൂട്ടർ | ജൂൺ മുതൽ മാർച്ച് വരെ | AT | 2000 |
| ലക്ഷ്യം: പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക. | | | |
| - ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തൽ<br>- അക്ഷരങ്ങൾ വെട്ടിയെടുത്ത് ഒട്ടിക്കൽ<br>- അനുയോജ്യമായ വീഡിയോകൾ കാണിക്കൽ | ജൂൺ ജൂലൈ | ET | 2000 |
| -ലക്ഷ്യം പദസമ്പത്തുണ്ടാക്കുക. | | | |
| ഒരു ദിനം ഒരു പദം | ജൂൺ മുതൽ മാർച്ച് വരെ | AT ALiF club | — |
| ആസ്വാദനം | | | |
| - കഥ, പാട്ട് LCD പ്രദർശനം, ഉൾത്തൊൻ കഥകൾ - പാടാൻ കഴിവുള്ളവർ പാട്ടു പാടൽ | ജൂൺ മുതൽ ഡിസംബർ വരെ | AT SRG. | 1000 |

## ഗണിതം.

| ലക്ഷ്യം: അടിസ്ഥാന ഗണിതാശയങ്ങൾ കുട്ടികളിൽ എത്തിക്കുക. | | | |
|---|---|---|---|
| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| - കുട്ടികൾക്ക് ഇടപഴകാൻ സഹായകരമായ രീതിയിൽ ഗണിത ലാബ് സജ്ജീകരിക്കൽ | ജൂൺ | SRG<br>PTA | 2000 |
| - ഓരോ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (<br>- ഗണിത കളികൾ | ജൂൺ | CT<br>MT | 1000 |
| ലക്ഷ്യം ഗണിത ശേഷി നേടി എന്ന് ഉറപ്പാക്കുക.<br>യൂണിറ്റ് ടെസ്റ്റ്, HW വിലയിരുത്തൽ.<br>CW, Group വർക്കുകൾ നൽകൽ | | CT | — |
| ലക്ഷ്യങ്ങൾ: ഗണിത ക്രിയകൾ നേടിയെന്ന് ഉറപ്പാക്കൽ<br>- ഗണിതത്തിൽ പിന്നോക്കക്കാർക്ക് പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ -<br>- ശില്പശാലകൾ (അമ്മമാർക്കും, കുട്ടികൾക്കും)<br>- പഠനോപകരണ നിർമ്മാണം | ജൂൺ | CT<br>MT<br>CT<br>MT | 2000 |
| ലക്ഷ്യം: ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.<br>- ബാങ്ക് കളി,<br>- മാർക്കറ്റ് കളി.<br>- പ്രായോഗിക പ്രശ്ന പരിഹാര ക്രിയകൾ ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ | CT<br>SRG. | 2000 |
| ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ചിന്ത വളർത്തുക.<br>- പാറ്റേൺ നിർമ്മാണം<br>- സംഖ്യാ കളികൾ, സംഖ്യാ പ്രശ്നങ്ങൾ, പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി Game കൾ. | ജൂൺ മുതൽ മാർച്ച് വരെ | CT | 2000 |

| EVS പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|
| **ലക്ഷ്യം: ശാസ്ത്ര പഠന താല്പര്യം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക., ലഘു പരീക്ഷണങ്ങൾ നടത്തി കുറിപ്പ് തയ്യാറാക്കുക.** | | | |
| - ലഘു പരീക്ഷണങ്ങൾ നടത്തി കുറിപ്പുകൾ തയ്യാറാക്കുക.<br>- ഫീൽഡ് ട്രിപ്പ് നടത്തുക.<br>- ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കൽ<br>- ശാസ്ത്ര ലാബ് ഒരുക്കുക.<br>- പ്രതിഭ കണ്ടെത്തി മികച്ച പ്രവർത്തനങ്ങൾ നൽകുക. | പാഠഭാഗങ്ങൾക്കനുസരിച്ച് | CT<br>SRG | 1000 |
| **ദിനാചരണങ്ങൾ, ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണം.** | | | |
| - ദിനാചരണങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കൽ<br>- പൂന്തോട്ട നിർമ്മാണം<br>- പച്ചക്കറിത്തോട്ട നിർമ്മാണം. | | | |
| **ശുചിത്വ ബോധം വളർത്തുക.** | | | |
| - ബോധവത്കരണ ക്ലാസ്.<br>- പ്ലാസ്റ്റിക് നിർമ്മാർജ്ജനം-<br>- പ്രതിജ്ഞ,<br>- പോസ്റ്റർ നിർമ്മാണം<br>- ലഹരിക്കെതിരെ പോസ്റ്റർ, പ്രതിജ്ഞ, റാലി എന്നിവ സംഘടിപ്പിക്കൽ | | | |
| **പരസ്പര സഹായം, സഹകരണം അറിയുക. നാടിനെ അറിയുക.** | | | |
| - ലോക്കൽ,<br>- പോലീസ് സ്റ്റേഷൻ<br>- പഞ്ചായത്താഫീസ്<br>- ആശുപത്രി<br>- പോസ്റ്റോഫീസ് ഫീൽഡ് ട്രിപ്പ്, videos കാണിക്കൽ<br>- മദ്യ ബോധവത്കരണ പരിപാടി നടത്തുക.<br>**ജനാധിപത്യാനുഭവം ഒരുക്കുക.**<br>- ഇലക്ഷൻ | | | |

ഐ.ടി.

**ലക്ഷ്യം:** വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

| | | | |
|---|---|---|---|
| • പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ.<br>- Computer പരിജ്ഞാനം നേടൽ<br>Games - IT Book. | ഓരോ മാസവും | SRG<br>CT<br>PTA | 1000 |
| **പ്രവൃത്തി പരിചയമേള**<br>**ലക്ഷ്യം:** നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.<br>+ വ്യത്യസ്ത ഇനങ്ങൾ നിർമ്മാണ പരിശീലനം<br>+ പേപ്പർ ക്രാഫ്റ്റ്, ക്ലേ വർക്ക്, Bead work, Stitching, Painting പരിശീലനം നൽകൽ. | Second Term. | CT<br>MTA<br>SRG | 2000 |
| **കല**<br>**ലക്ഷ്യം:** കലാഭിരുചി വളർത്തുക.<br>+ ആഴ്ചയിൽ ഒരു പീരിയഡ് സർഗ വേദി.<br>+ സംഗീതം, നൃത്തം, ചിത്രകല, അഭിനയം, ചെണ്ടമേളം തുടങ്ങിയവയിൽ പരിശീലനം<br>+ | വർഷം മുഴുവൻ | MTA<br>SRG<br>CT | 2000 |
| **ആരോഗ്യ-കായികം.**<br>**ലക്ഷ്യം:** എല്ലാകുട്ടികൾക്കും കായികക്ഷമത ഉറപ്പുവരുത്തുക. സ്കൂളിനെ മാലിന്യ മുക്തമാക്കുക. ഹരിതാഭമാക്കുക.<br>* PT പീരിയഡിൽ Physical Exercise Games എന്നിവ നൽകൽ<br>* ഫുട്ബോൾ, ഷട്ടിൽ,<br>* ആഴ്ചയിൽ ഡ്രൈ ഡേ<br>* ബോധവത്കരണ പരിപാടികൾ | | | |